പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1602 13/06/2014-ൽ മറുപടിയ്ക്ക്

"കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ മോഡേൺ ക്രിമിറ്റോറിയം "

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ മോഡേൺ ക്രിമിറ്റോറിയം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ ആരോടാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും പ്രസ്തുത ഏജൻസി റിപ്പോർട്ട് നൽകിയോ എന്നും അറിയിക്കുമോ ; | (ബി യും, സി യും) | ഇതിനായുള്ള റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പു ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടത് ; | | |
| (ഡി) | മോഡേൺ ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ? | | ബഹു. ഒറ്റപ്പാലം എം.എൽ.എ.യുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി 2014-15 ൽ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ മോഡേൺ ക്രിമിറ്റോറിയം സ്ഥാപിക്കുവാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ആയതിന്റെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുമുണ്ട്. ആയത് അടിയന്തിര റിപ്പോർട്ടിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ചു |

| | | | |
|---|---|---|---|
| | | | കൊടുത്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിന് പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർക്ക് അപേക്ഷ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം വിശദമായ ലൊക്കേഷൻ പ്ലാൻ, കെട്ടിട നിർമ്മാണ പ്ലാൻ എന്നിവ സഹിതം അപേക്ഷ ഉടനടി പുന: സമർപ്പിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ